LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡ് ഏറ്റെടുത്തിട്ടുള്ളതും പ്രവർത്തി പൂർത്തിയാക്കാനുള്ളതുമായ വൈദ്യുത പദ്ധതികൾ

66 [881] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് ഏറ്റെടുത്തിട്ടുള്ളതും ഇനിയും പ്രവർത്തി പൂർത്തിയാക്കാനുള്ളതുമായ ഏതെല്ലാം വൈദ്യുത പദ്ധതികളാണുള്ളത്; ഇവ ഓരോന്നിന്റെയും സ്ഥാപിത ശേഷി എത്ര മെഗാവാട്ട് വീതമാണ്;

(ബി) ഇവയുടെ പൂർത്തീകരണം വൈകുന്നതിനിടയാക്കിയിട്ടുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(സി) ഇവ കൂടി പൂർത്തിയാകുമ്പോൾ ആകെ വൈദ്യുതി ഉൽപ്പാദനത്തിൽ എത്ര വർദ്ധനയാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പൂർത്തീകരണം ശേഷിക്കുന്ന പദ്ധതികളുടെ പ്രവർത്തി തീർക്കാതെ പുതിയ പദ്ധതികൾ ഏറ്റെടുക്കരുതെന്ന് കോടതിവിധി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) വൈദ്യുതി ചോർത്തൽ, പ്രസരണ നഷ്ടം എന്നിവ പരിമിതപ്പെടുത്താൻ എന്തെങ്കിലും സമയബന്ധിത കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എഫ്) നിർദ്ദിഷ്ട പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ സാധ്യതാപഠനം ആരംഭിച്ചത് എന്നായിരുന്നു;

(ജി) ഇതിന്റെ റാപ്പിഡ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് ഏത് ഏജൻസിയാണ് നിർവ്വഹിച്ചത്; ഇതു സംബന്ധിച്ച റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത്; വിശദമാക്കുമോ;

(എച്ച്) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ)

പദ്ധതി		*സ്ഥാപിതശേഷി*
(1) മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി	..	10.50 മെഗാവാട്ട്
(2) കുറ്റ്യാടി ടെയിൽ റേസ്	..	3.75 മെഗാവാട്ട്
(3) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം	..	100 മെഗാവാട്ട്
(4) നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം	..	25 മെഗാവാട്ട്
(5) ലോവർ മീൻമുട്ടി ചെറുകിട ജല വൈദ്യുത പദ്ധതി	..	3.50 മെഗാവാട്ട്

(6) അഴുത ഡൈവേർഷൻ സ്കീം (ബാലൻസ് പണികൾ) .. 57 മില്ല്യൺയൂണിറ്റ്

(7) കുറിയാർ ഡൈവേർഷൻ സ്കീം .. 37 ,,

(8) കുറ്റ്യാടി ഓഗ്മെന്റേഷൻ സ്കീം .. 223 ,,

(9) ശബരിഗിരി പദ്ധതിയുടെ നവീകരണം—നവീകരണത്തിനുശേഷം പദ്ധതിയുടെ ശേഷി 300 മെഗാവാട്ടിൽ നിന്ന് 335 മെഗാവാട്ടായി വർദ്ധിക്കുന്നതാണ്.

(10) നേര്യമംഗലം പദ്ധതിയുടെ നവീകരണം—നവീകരണത്തിനുശേഷം നിലവിലുള്ള 45 മെഗാവാട്ടിൽ നിന്നും 54 മെഗാവാട്ടായി വർദ്ധിക്കുന്നതാണ്.

(ബി) (1) മലങ്കര: കോൺട്രാക്ടറുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾമൂലം പണികൾ എഗ്രിമെന്റ് കാലയളവിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.

(2) കുറ്റിയാർ ഡൈവേർഷൻ: (a) പദ്ധതിക്കു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിൽ വന്ന കാലതാമസം. (b) കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച (c) കരാറുകാരനും ബോർഡുമായുള്ള വിവിധ കേസുകൾ തീർപ്പാക്കാൻ വന്ന കാലതാമസം

(3) അഴുത ഡൈവേർഷൻ: (a) തൊഴിൽ സമരം (b) കരാറുകാരന്റെ അനാസ്ഥ.

(4) കുറ്റ്യാടി ടെയിൽ റേസ്: (a) പാറ പൊട്ടിക്കുന്നതിനെതിരെ സമീപവാസികൾ കോടതിയെ സമീപിച്ചതിനാൽ കേസ് തീർപ്പാക്കുന്നതിലുണ്ടായ കാലതാമസം. (b) കരാറുകാരന്റെ ഭാഗത്തു നിന്നുള്ള ഉദാസീനത.

(5) കുറ്റ്യാടി ഓഗ്മെന്റേഷൻ: (a) പദ്ധതി ഘടകങ്ങളിൽ വന്ന മാറ്റം മൂലവും ഡാമിന്റെ ഉയരം കൂട്ടിയതിന്റെ ഫലമായും ജോലികളുടെ അളവിൽ വന്ന വർദ്ധനവ് (b) കരാറുകാരനുമായി ലേബർ എസ്കലേഷനെ സംബന്ധിച്ചുണ്ടായ തർക്കം മൂലം കേസിന്റെ തീർപ്പിനായി ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ഹൈക്കോടതി, സുപ്രീംകോടതി എന്നിവിടങ്ങളിൽ പോയതുമൂലമുണ്ടായ കാലതാമസം. ബാക്കിയുള്ള പദ്ധതികളുടെ പണി 2005, 2006 എന്നീ വർഷങ്ങളിലാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 552.85 മില്ല്യൺ യൂണിറ്റ്.

(ഡി) ഇല്ല.

(ഇ) വൈദ്യുതി ചോർത്തൽ തടയാൻ കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ഇലക്ട്രോണിക് മീറ്ററുകൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ വഴി വൈദ്യുതി മോഷണം കണ്ടെത്തി തടയുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളുടെ പ്രാദേശിക യൂണിറ്റുകൾ സ്ഥാപിച്ച് വൈദ്യുതി മോഷണം കുറയ്ക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസരണ നഷ്ടം കുറക്കുന്നതിന്റെ ഭാഗമായി പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, റീ-കണ്ടക്ടറിംഗ് ചെയ്യുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക തുടങ്ങിയവ സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു.

(എഫ്) ഫെബ്രുവരി 1998

(ജി) തിരുവനന്തപുരത്തുള്ള എൻവയൺമെന്റൽ റിസോഴ്സസ് റിസർച്ച് സെന്റർ (ERRC) എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. 2004 ജനുവരിയിലാണ് ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചത്.

(എച്ച്) പകർപ്പ് പിന്നീട് ലഭ്യമാക്കുന്നതാണ്.

വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ

67 [883] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ വൈദ്യുതി കണക്ഷനുള്ള അപേക്ഷകളിൽ എത്രയെണ്ണം കണക്ഷൻ നൽകാൻ ബാക്കിയുണ്ട്;

(ബി) അതിൽ ലൈൻ എക്സ്റ്റെൻഷൻ വേണ്ട കണക്ഷനുകൾ എത്ര; നിലവിലുള്ള ലൈനിൽ നിന്ന് നൽകാവുന്ന കണക്ഷനുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 439,277

(ബി) ലൈൻ എക്സ്റ്റെൻഷൻ വേണ്ട കണക്ഷനുകൾ—226,262 നിലവിലുള്ള ലൈനിൽ നിന്ന് നൽകാവുന്ന കണക്ഷനുകൾ—213,015.

സംസ്ഥാനത്തെ വൈദ്യുതി ബോർഡ് എടുത്ത വായ്പ

68 [884] ശ്രീ. എ. പി. അനിൽ കുമാർ:
„ അടൂർ പ്രകാശ്:
„ ടി. വി. ചന്ദ്രമോഹൻ:
„ എം. മുരളി:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് വായ്പയെടുക്കുന്നതിന് ആരുടെയെങ്കിലും അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആരുടെ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly